**528**

കാരുണ്യപൂരക്കടലേ! കരളലിയുക ദിനമനു-

1 കാരണനായ പരാപരനേയെൻ മാരണകാരി മഹാസുരശീർഷം
തീരെയുടച്ചു തകർഷതിനായിദ്ധീരതയോടവനിയിലവതരിച്ചോരു-

2 പാപമതാം ചെളി പൂുടലാകെ ഭീകരമായ വിധം മലിനത്വം
ചേർന്നു വിരൂപതയാർന്നൊരിവന്നു
ചേരുവാൻ നിന്നരികതിൽ ഭാഗ്യമുായി-

3 നിൻ വലകൈ നിവർത്തെന്നെത്തലോടി
നിൻമുഖത്താലെന്നെ ചുംബനം ചെയ്തു
നിന്നുടെയെനിക്കേകി മോതിരം ചെരിപ്പു-
മന്നുമിന്നുമൊന്നുപോലെ കാത്തുപോറ്റുന്നെന്നെ-

4 പന്നികൾ തിന്നുന്ന തവിടു ഭുജിച്ച
നിന്ദ്യമാം കാലങ്ങൾ മറന്നുപോയ് സാധു
മന്നവനേ തിരുമേശയിൽ നിന്നു
സ്വർന്നഗരഭോജനം ഞാൻ തിന്നുവരുന്നിന്നും-

5 ആർക്കുമതീവ മനോഹരമാം നിൻ
സ്വർഗ്ഗ യെരൂശലേം മാളികയിൽ ഞാൻ
ദീർഘയുഗം വസിച്ചാനന്ദ ബാഷ്പം
വീഴ്ത്തിയാലും നിൻ കരുണയ്ക്കതു ബദലാമോ?-

6 ജീവ പറുദീസിന്നാനന്ദക്കുയിലേ! ജീവവസന്തർത്തുവാരംഭിച്ചില്ലേ?
ജീവവൃക്ഷക്കൊമ്പിൻ മീതിലിരുന്നു
ജീവമൊഴി മധുരമായ് പാടുക നീ ദിനവും-

**K.V.S.**